**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – റോഡ് പുനരുദ്ധാരണ പദ്ധതി – മാർഗനിർദ്ദേശങ്ങൾ – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം.)വകുപ്പ്**

സ.ഉ.(എം.എസ്.)നമ്പർ. 11/2010/തസ്വഭവ    തിരുവനന്തപുരം, തീയതി: 15–01–2010

പരാമർശം: സ.ഉ.(സാധാ)നമ്പർ 50/2010/തസ്വഭവ; തീയതി 05.01.2010

# ഉത്തരവ്

സംസ്ഥാനത്തെ റോഡുകൾ പലതും സഞ്ചാരയോഗ്യമല്ലെന്നും യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതു കാരണം പൊതുജനങ്ങൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും സൂചിപ്പിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. പത്രമാധ്യമങ്ങളിലും ഇതുമായി ബന്ധപ്പെട്ട വാർത്തകൾ നിരന്തരം പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് ഒരു 'റോഡ് പുനരുദ്ധാരണ പദ്ധതി' ആവിഷ്കരിക്കുന്നതാണെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

2. കേന്ദ്ര/സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ എന്നിവ ഒഴികെയുള്ള റോഡുകളുടെ പരിപാലന ചുമതലയാണ് തദ്ദേശഭരണ സ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ളത്. തങ്ങൾക്ക് ലഭ്യമായ ഫണ്ടിൽ നിന്ന് പരമാവധി തുക കണ്ടെത്തി റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുറവുള്ള തുകയുടെ ഒരു ഭാഗം മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാരിൽ നിന്നും പ്രത്യേകം അനുവദിച്ചു നൽകുക എന്നതാണ് സർക്കാർ നയം. തദ്ദേശഭരണ സ്ഥാപനങ്ങൾ റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

3. റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

3.1 കുഴികൾ നികത്തുക, തകർന്നുപോയ ഭാഗം പൂർവ്വസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണികൾ.

3.2 റീടാറിംഗ് പ്രവൃത്തികൾ

3.3 നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ

4. മറ്റ് നിബന്ധനകൾ

4.1 ഒരു റോഡിന്റെ അറ്റകുറ്റപ്പണി പൂർണ്ണമായും ഏറ്റെടുക്കണം.

4.2 പുതിയ റോഡുകളുടെ നിർമ്മാണം അനുവദനീയമല്ല.

4.3 മെറ്റൽ റോഡുകളുടെ ടാറിംഗ് ഒഴികെ ഉപരിതല ഘടനയ്ക്ക് മാറ്റം വരുത്തൽ അനുവദനീയമല്ല (ഉദാ: ഗ്രാവൽ റോഡ് ടാർ ചെയ്യുക, ഗ്രാവൽ റോഡ് കോൺക്രീറ്റ് ചെയ്യുക മുതലായവ).

4.4 ഓടകളിലെയും കലുങ്കുകളിലെയും മണ്ണ് നീക്കം ചെയ്യുക, വശങ്ങൾ ബലപ്പെടുത്തുക മുതലായ മൺപണികൾ ഗ്രാമപ്രദേശങ്ങളിൽ പൂർണ്ണമായും തൊഴിലുറപ്പു പദ്ധതിയിൽ അനുവദനീയമായ 20 ശതമാനത്തിൽപ്പെടുത്തി നടപ്പാക്കണം. എന്നാൽ നഗരസഭകൾക്ക് ഇത്തരം പ്രവൃത്തികൾ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

5. വിവിധതലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന റോഡുകൾ

5.1 ജില്ലാ പഞ്ചായത്തുകൾ: മറ്റ് ജില്ലാ റോഡുകൾ (ODR), പൊതുമരാമത്ത് വകുപ്പ് മറ്റേതെങ്കിലും റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ റോഡുകൾ എന്നിവ. മേജർ ജില്ലാ റോഡുകളുടെ (MDR) വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് പട്ടികപ്പെടുത്തിയിട്ടുള്ള മറ്റ് ജില്ലാ റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് നടപ്പുവർഷം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടില്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണികളും ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

5.2 ബ്ലോക്ക് പഞ്ചായത്തുകൾ: കേരള പഞ്ചായത്ത്രാജ് നിയമ പ്രകാരം റോഡുകളുടെ പരിപാലന ചുമതല ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ലെങ്കിലും എം.എൽ.എ. റോഡുകളുടെയും 1995–നുശേഷം പദ്ധതി വിഹിതം/വികസന ഫണ്ട്, ഗ്രാമീണ പശ്ചാത്തല വികസനഫണ്ട് (ആർ.ഐ.ഡി.എഫ്), സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) എന്നീ ഫണ്ടുകൾ വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിച്ച റോഡുകളുടെയും അറ്റകുറ്റപ്പണി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

5.3 ഗ്രാമപഞ്ചായത്തുകൾ: ഗ്രാമീണ റോഡുകൾ.

5.4 നഗരസഭകൾ: നഗരസഭകളുടെ സംരക്ഷണത്തിലുള്ള റോഡുകൾ

6. ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും തങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളിൽ അറ്റകുറ്റപ്പണി ആവശ്യമായവയുടെ വിശദാംശങ്ങൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഈ ഉത്തരവിന്റെ അനുബന്ധം എ–യിലും ജില്ലാപഞ്ചായത്തുകൾ അനുബന്ധം ബി–യിലുമാണ് വിവരങ്ങൾ തയ്യാറാക്കേണ്ടത്. അറ്റകുറ്റപ്പണി സംബന്ധിച്ച ആവശ്യകതയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിലാണ് റോഡുകൾ പട്ടികപ്പെടുത്തേണ്ടത്. റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഇവ തയ്യാറാക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ജില്ലാപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ ഒഴികെയുള്ള മറ്റെല്ലാ റോഡുകളുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കണം. ബ്ലോക്ക് പഞ്ചായത്തുകൾ 1995–നു ശേഷം നിർമ്മിച്ച റോഡുകളുടെ വിവരങ്ങളും ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന അനുബന്ധം എ–യിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ്. അത്തരം റോഡുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിലെ രേഖകളിൽ ലഭ്യമല്ലെങ്കിൽ അവ നൽകാൻ ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെടണം.

7. റോഡ് മേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയിലായിരിക്കണം മേൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് മെമ്പറെ/മെമ്പർമാരെ കൂടി ക്ഷണിക്കേണ്ടതാണ്.

8. എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചുവടെ പ്രതിപാദിക്കുന്ന സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന വിഭവങ്ങൾ റോഡ് പുനരുദ്ധാരണ പദ്ധതിക്ക് ഉപയോഗിക്കാവുന്നതാണ്.

8.1 2009–10–ലെ റോഡ് മെയിന്റനൻസ് ഫണ്ട്

8.2 2009–10–ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് ഉത്പാദനമേഖലയിൽ നിർബന്ധമായും വകയിരുത്തേണ്ട 40 ശതമാനം വിഹിതം 30 ശതമാനമായി കുറവ് ചെയ്ത് കണ്ടെത്തുന്ന 10 ശതമാനം വിഹിതം (ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് മാത്രം).

8.3 2009–10 വാർഷിക പദ്ധതിയിലെ പൊതുവിഭാഗം വികസനഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം. (ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ–20%; നഗരസഭകൾ–50%)

8.4 2009–10–ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം

8.5 2010–11–ൽ ലഭിക്കാവുന്ന റോഡ് മെയിന്റനൻസ് ഫണ്ട്.

8.6 2010–11–ൽ ലഭിക്കാവുന്ന പൊതുവിഭാഗം വികസനഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം (ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ–30%; നഗരസഭകൾ–50%).

8.7 തനത്/ജനറൽ പർപ്പസ് ഫണ്ട് മിച്ചം.

9. ഖണ്ഡിക 8.1, 8.2, 8.5 എന്നീ സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന വിഹിതങ്ങൾ പൂർണ്ണമായും ഈ പദ്ധതിക്ക് തന്നെ വകയിരുത്തേണ്ടതാണ്. അതുപോലെ 2010–11 ലെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് മേഖലാ വിഭജനത്തിന് ലഭ്യമാകുന്ന തുകയുടെ 20 ശതമാനത്തിൽ കുറയാതെ നിർബന്ധമായും ഈ പദ്ധതിക്ക് വകയിരുത്തണം. അങ്ങനെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കു മാത്രമേ സർക്കാരിൽ നിന്നും അധിക വിഹിതം ലഭിക്കുന്നതിന് അർഹതയുള്ളൂ. ഖണ്ഡിക 8.3, 8.4, 8.7 എന്നീ സ്രോതസ്സുകളിൽ നിന്ന് പരമാവധി തുക ഈ പദ്ധതിക്കായി കണ്ടെത്തണം.

10. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വിവിധ സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന ഫണ്ട് എത്രയെന്ന് ഈ ഉത്തരവിന്റെ അനുബന്ധം സി–യിൽ കണക്കാക്കിയതിനുശേഷം അതിന് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്. റോഡ് മെയിന്റനൻസ് ഫണ്ട്, പൊതുവിഭാഗം വികസന ഫണ്ട് എന്നിവയെ സംബന്ധിച്ചിടത്തോളം 2009–10–ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദനീയമായ ഫണ്ടിന്റെ 10 ശതമാനം അധികം ഉൾപ്പെടെ 2010–11–ൽ ലഭിക്കുമെന്ന് കണക്കാക്കി ഈ പദ്ധതിക്ക് മാറ്റി വെയ്ക്കാൻ കഴിയുന്ന ആകെ വിഹിതം കണക്കാക്കണം.

11. അറ്റകുറ്റപ്പണി ആവശ്യമായ റോഡുകളുടെ വിശദാംശങ്ങൾ റഫ്കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് അനുബന്ധം എ/ബി–യിൽ തയ്യാറാക്കുന്നതെങ്കിലും ലഭ്യമായ വിഹിതത്തിന് അനുസൃതമായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ വിശദമായ എസ്റ്റിമേറ്റിന്റെ കോപ്പി ഉൾപ്പെടെയായിരിക്കണം ടി.എ.ജിക്ക് സമർപ്പിക്കേണ്ടത്. എസ്റ്റിമേറ്റുകൾ സുഗമ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നതായിരിക്കും അഭികാമ്യം.

12. 2009–10 വാർഷിക പദ്ധതിയുടെ ഭാഗമായി മെയിന്റനൻസ് ഫണ്ട്/വികസനഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനായി ഇതിനകം അംഗീകാരം നേടിയ പ്രോജക്ടുകളിൽ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ മാർഗരേഖപ്രകാരം അനുവദനീയമായ റോഡ് പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ ഈ പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. അത്തരം റോഡുകളുടെ; അതായത് 2009–10 വാർഷിക പദ്ധതിയിൽ ഇതിനകം അംഗീകാരം നേടിയ റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം ഡി–യിൽ തയ്യാറാക്കിയതിന്റെ പകർപ്പ് കൂടി ഗ്രാമ/ജില്ലാപഞ്ചായത്തുകളും നഗരസഭകളും പ്രോജക്ടുകളോടൊപ്പം സമർപ്പിക്കണം.

13. **ബ്ലോക്ക് പഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ട രീതി** :– ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന അനുബന്ധം എ–യിൽ ഉൾപ്പെട്ടതിൽ ഈ ഉത്തരവിന്റെ ഖണ്ഡിക 5.2 പ്രകാരം അനുവദനീയമായ റോഡുകളുടെ അറ്റകുറ്റപ്പണികൾ മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടുള്ളൂ. എല്ലാ ഗ്രാമപഞ്ചായത്തുകളും അനുബന്ധം എ–യുടെ പകർപ്പും അതിന്റെ ഇലക്ട്രോണിക് കോപ്പിയും 2010 ജനുവരി 30–നകം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കണം. അനുബന്ധം എ–യിൽ ഉൾപ്പെട്ടതിൽ അനുവദനീയമായ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുത്ത് ലഭ്യമായ വിഭവത്തിന് അനുസൃതമായി പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്. ഗ്രാമപഞ്ചയാത്ത് പ്രസിഡന്റുമാരുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും ഒരു യോഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്ത് ആ യോഗത്തിൽ വെച്ച് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകുന്നതായിരിക്കും അഭികാമ്യം. ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് നിശ്ചയിച്ചു കഴിഞ്ഞാൽ, ഓരോ ഗ്രാമപഞ്ചായത്തും തയ്യാറാക്കിയ അനുബന്ധം എ–യുടെ ഫോട്ടോകോപ്പിയിൽ അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് നേരെ കോളം 12–ൽ 'ബ്ലോക്ക് പഞ്ചായത്തിന്റെ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്' എന്ന് രേഖപ്പെടുത്തി ഓരോ ഗ്രാമപഞ്ചായത്തിനെയും 2010 ഫെബ്രുവരി 4–നകം രേഖാമൂലം അറിയിക്കേണ്ടതാണ്. ഇതിന്റെ ഇലക്ട്രോണിക് കോപ്പി കൂടി ഗ്രാമപഞ്ചായത്തിന് നൽകണം.

14. റോഡ് മെയിന്റനൻസ് പ്രവൃത്തികൾ സാധാരണ ഗതിയിൽ ഏകവർഷ പ്രോജക്ടുകളായാണ് തയ്യാറാക്കി അംഗീകാരം നേടേണ്ടത്. എന്നാൽ ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള റോഡ് മെയിന്റനൻസ് പദ്ധതി 2009–10, 2010–11 വർഷങ്ങളിലെ

വിഹിതം സമന്വയിപ്പിച്ചാണ് നടപ്പാക്കുന്നത്. അതിനാൽ ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ദ്വിവർഷ പ്രോജക്ടുകളായി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നു. അതായത് ഒരു പ്രോജക്ടിന്റെ അടങ്കൽ തുക തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്നത് പ്രകാരം 2009–10, 2010–11 വാർഷിക പദ്ധതികളിലായി വിഭജിച്ച് വകയിരുത്താവുന്നതാണ്.

15. പുതുതായി ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമ/ജില്ലാപഞ്ചായത്തുകളും നഗരസഭകളും ഈ ഉത്തരവിന്റെ അനുബന്ധം ഇ–യിലും ബ്ലോക്ക് പഞ്ചായത്തുകൾ അനുബന്ധം എഫ്–ലും തയ്യാറാക്കിയതിന്റെ പകർപ്പ് കൂടി പ്രോജക്ടുകളോടൊപ്പം സമർപ്പിക്കണം.

16. പ്രോജക്ടുകളും അനുബന്ധ വിവരങ്ങളും ടി.എ.ജി.ക്ക് സമർപ്പിക്കേണ്ട അവസാന തീയതി 2010 ഫെബ്രുവരി 15 ആയിരിക്കും.

17. അറ്റകുറ്റപ്പണി ആവശ്യമായതിൽ വിഭവത്തിന്റെ കുറവുകാരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയാത്ത റോഡുകളുടെ വിവരങ്ങൾ ജില്ലാ ആസൂത്രണ സമിതികൾ ഈ ഉത്തരവിന്റെ അനുബന്ധം ജി–യിൽ ക്രോഡീകരിച്ച് സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

18. അധിക തുക ആവശ്യമായ റോഡുകളുടെ വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചതിനുശേഷം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതാണ്.

19. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അനുബന്ധം എ,സി എന്നിവയും ജില്ലാപഞ്ചായത്തുകൾ അനുബന്ധം ബി, സി എന്നിവയും ബ്ലോക്ക് പഞ്ചായത്തുകൾ അനുബന്ധം സി–യും തയ്യാറാക്കുന്നതിന് സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിക്കേണ്ടതാണ്. ഈ വിവരങ്ങളുടെയും റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പുതുതായി ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഡാറ്റാ എൻട്രിയിലൂടെയുള്ള വിവരങ്ങളുടെയും അടിസ്ഥാനത്തിൽ മറ്റ് അനുബന്ധങ്ങൾ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ജനറേറ്റ് ചെയ്യാവുന്നതാണ്. അതായത് ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും സമർപ്പിക്കേണ്ട അനുബന്ധം ഡി,ഇ എന്നിവയും ബ്ലോക്ക് പഞ്ചായത്തുകൾ സമർപ്പിക്കേണ്ട അനുബന്ധം എഫും ഈ രീതിയിൽ ജനറേറ്റ് ചെയ്യാവുന്നതാണ്. അതുപോലെ വിഭവത്തിന്റെ കുറവ് കാരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയാത്ത റോഡുകളുടെ വിവരങ്ങൾ, ജില്ലാ ആസൂത്രണസമിതി നടപടി ഉത്തരവ് നൽകി കഴിഞ്ഞാൽ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് അനുബന്ധം ജി–യുടെ മാതൃകയിൽ ജനറേറ്റ് ചെയ്യാവുന്നതാണ്.

20. വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകളോടൊപ്പം ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ്, വിശദമായ എസ്റ്റിമേറ്റുകൾ എന്നിവ കൂടാതെ താഴെപ്പറയുന്ന അനുബന്ധങ്ങളും സമർപ്പിക്കണം.

20.1 ഗ്രാമപഞ്ചായത്തുകൾ : അനുബന്ധം – എ, സി, ഡി, ഇ

20.2 ബ്ലോക്ക് പഞ്ചായത്തുകൾ : അനുബന്ധം – സി, എഫ്

20.3 ജില്ലാപഞ്ചായത്തുകൾ : അനുബന്ധം – ബി, സി, ഡി, ഇ

20.4 നഗരസഭകൾ : അനുബന്ധം – എ, സി, ഡി, ഇ

21. ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

21.1 തദ്ദേശഭരണസ്ഥാപനങ്ങൾ

പ്രവൃത്തിയുടെ നിർവഹണം ആരംഭിക്കുന്നതിന് മുമ്പും പ്രവൃത്തി പുരോഗമിക്കുമ്പോഴും പൂർത്തിയാക്കിയതിനുശേഷവും റോഡിന്റെ ഡിജിറ്റൽ ഫോട്ടോ എടുക്കുക.

പണി സ്ഥലത്ത് പ്രവൃത്തിയുടെ വിശദവിവരങ്ങൾ (പേര്, അടങ്കൽ തുക, ആരംഭിച്ച തീയതി, പൂർത്തിയാക്കുന്ന തീയതി) പ്രദർശിപ്പിക്കുക.

21.2 ജില്ലാ ആസൂത്രണ സമിതി

അംഗീകാരം നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക

21.3 സംസ്ഥാന സർക്കാർ

ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിംഗ് മുഖേന റാൻഡം പരിശോധന നടത്തുക.

സാങ്കേതിക സ്ഥാപനങ്ങൾ മുഖേന തൽസമയ മോണിട്ടറിംഗ് നടത്തുക.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
13 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ
34 പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം:4150; തീയതി 13.01.2010)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്

**അനുബന്ധം: എ**

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
## റോഡ് പുനരുദ്ധാരണ പദ്ധതി

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും സംരക്ഷണത്തിലുള്ള റോഡുകളിൽ അറ്റകുറ്റപ്പണി ആവശ്യമായവയുടെ വിവരങ്ങൾ
(ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കേണ്ട ഫോറം)

ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ പേര്:...................................................................... ബ്ലോക്ക് : ................................

ജില്ല : ...............................................................................

| ക്രമ നം | റോഡിന്റെ പേര് | ഉപരിതല ഘടന അനുസരിച്ചുള്ള റോഡിന്റെ തരം(മൺപാത/ ഗ്രാവൽ/മെറ്റൽ/ കോൺക്രീറ്റ്/ടാർ) | നിർമ്മാണ സ്വഭാവമനുസരിച്ചുള്ള റോഡിന്റെ തരം * | ആരംഭിക്കുന്ന സ്ഥലം | അവസാനിക്കുന്ന സ്ഥലം | നീളം @ (കി.മീ.) | വീതി (മീ.) | ക്യാരേജ് വേയുടെ വീതി (മീ) | എസ്റ്റിമേറ്റ് തുക # (രൂപയിൽ) | ഗ്രാമപഞ്ചായത്തിന്റെ/ നഗരസഭയുടെ 2009–10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയാണെങ്കിൽ പ്രോജക്ടിന്റെ നമ്പർ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | ആകെ | x | | x | x | x | x | x | | x | x |

കുറിപ്പ്:–

1 * നിർമ്മാണ സ്വഭാവമനുസരിച്ചുള്ള റോഡിന്റെ തരം: എം.എൽ.എ. റോഡ്–1, 1995 നുശേഷം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച റോഡ്–2, മറ്റ് റോഡുകൾ–3)

2 @വിവിധ ഭാഗങ്ങൾ വ്യത്യസ്ത ഉപരിതല ഘടനയിലുള്ള റോഡുകളെ സംബന്ധിച്ചിടത്തോളം ഓരോ ഉപരിതല ഘടനയിലേയും നീളം പ്രത്യേകം രേഖപ്പെടുത്തണം (ഉദാ: ഒരു റോഡിൽ തന്നെ കുറച്ചുഭാഗം മെറ്റൽ ചെയ്തത്, ബാക്കി ഭാഗം ടാർ ചെയ്തത് എന്നിങ്ങനെ)

3 # റഫ്കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഈ ഫോറം തയ്യാറാക്കാവുന്നതാണ്. എന്നാൽ ലഭ്യമായ തുകയ്ക്ക് അനുസൃതമായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ വിശദമായ എസ്റ്റിമേറ്റുകൾ ഉൾപ്പെടെയായിരിക്കണം സമർപ്പിക്കേണ്ടത്.

4 ഗ്രാമപ്രദേശങ്ങളിൽ ജില്ലാ പഞ്ചായത്തുകളുടെ സംരക്ഷണത്തിൽ അല്ലാത്ത എല്ലാ ഗ്രാമീണ റോഡുകളുടെയും വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളാണ് തയ്യാറാക്കേണ്ടത്.

5 2009–10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം അംഗീകാരം നേടിയ റോഡ് മെയിന്റനൻസ് പ്രവൃത്തികളും ഈ ഫോറത്തിൽ ഉൾപ്പെടുത്തണം.

സ്ഥലം: ഒപ്പ് (സെക്രട്ടറി):.......................................

തീയതി: (ഓഫീസ് മുദ്ര) പേര് : ......................................................

**അനുബന്ധം: ബി**

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
## റോഡ് പുനരുദ്ധാരണ പദ്ധതി

ജില്ലാപഞ്ചായത്തുകളുടെ സംരക്ഷണത്തിലുള്ള റോഡുകളിൽ അറ്റകുറ്റപ്പണി ആവശ്യമായവയുടെ വിവരങ്ങൾ
(ജില്ലാ പഞ്ചായത്തുകൾ തയ്യാറാക്കേണ്ട ഫോറം)

ജില്ലാപഞ്ചായത്തിന്റെ പേര്:..............................................

| ക്രമ നം | റോഡിന്റെ പേര് | റോഡിന്റെ തരം * | ആരംഭി ക്കുന്ന സ്ഥലം | അവസാനി ക്കുന്ന സ്ഥലം | നീളം (കി.മീ.) | വീതി (മീ.) | ക്യാരേജ് വേയുടെ വീതി (മീ) | എസ്റ്റിമേറ്റ് തുക # (രൂപയിൽ) | ജില്ലാ പഞ്ചായത്തിന്റെ 2009–10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയാണെങ്കിൽ പ്രോജക്ടിന്റെ നമ്പർ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | ആകെ | x | x | x | x | x | x | | x | x |

കുറിപ്പ്:–1. * റോഡിന്റെ തരം: ഒ.ഡി.ആർ–1, എം.ഡി.ആർ ആയി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ഒ.ഡി.ആർ–2, പൊതുമരാമത്ത് വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ മറ്റ് റോഡുകൾ–3

2. # റഫ്കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഈ ഫോറം തയ്യാറാക്കാവുന്നതാണ്. എന്നാൽ ലഭ്യമായ തുകയ്ക്ക് അനുസൃതമായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ വിശദമായ എസ്റ്റിമേറ്റുകൾ ഉൾപ്പെടെയായിരിക്കണം സമർപ്പിക്കേണ്ടത്.
3. 2009–10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം അംഗീകാരം നേടിയ റോഡ് മെയിന്റനൻസ് പ്രവൃത്തികളും ഈ ഫോറത്തിൽ ഉൾപ്പെടുത്തണം

സ്ഥലം:
തീയതി:

(ഓഫീസ് മുദ്ര)

ഒപ്പ് (സെക്രട്ടറി):.......................................
പേര് : .....................................................

**അനുബന്ധം–സി**

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
## റോഡ് പുനരുദ്ധാരണ പദ്ധതി

തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമായ ഫണ്ട് (എല്ലാതലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ട ഫോറം)

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:................................................................ ബ്ലോക്ക്:..................................................

ജില്ല:....................................................

(തുക രൂപയിൽ)

| ക്രമ നം. | സ്രോതസ്സ് | അനുവദനീയമായ പരമാവധി വിഹിതം | | ഈ പദ്ധതിക്ക് വകയിരുത്തുന്ന തുക * | | |
|---|---|---|---|---|---|---|
| | | 2009–10 | 2010–11 | 2009–10 | 2010–11 | ആകെ (5+6) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | റോഡ് മെയിന്റനൻസ് ഫണ്ട് | | | | | |
| 2 | പൊതുവിഭാഗം വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം (ത്രിതല പഞ്ചായത്തുകൾക്ക് 2009–10 ൽ പരമാവധി 20% വും 2010–11 ൽ പരമാവധി 30% വും. നഗരസഭകൾക്ക് 2009–10 ലും 2010–11 ലും പരമാവധി 50 ശതമാനം. 2010–11 ൽ വകയിരുത്താവുന്ന പരമാവധി തുക ചുവടെ നൽകിയിട്ടുള്ള പട്ടികയിൽ കണക്കാക്കണം.) | | | | | |
| 3 | 2009–10 ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് ഉത്പാദനമേഖലയിൽ നിർബന്ധമായും വകയിരുത്തേണ്ട 40% വിഹിതം 30 ശതമാനമായി കുറവ് ചെയ്യുന്നതിലൂടെ ലഭിക്കുന്ന 10% വിഹിതം (ത്രിതല പഞ്ചായത്തുകൾക്ക് മാത്രം) | | X | | X | |
| 4 | 2009–10–ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20% | | X | | X | |
| 5 | തനത്/ജനറൽ പർപ്പസ് ഫണ്ട് മിച്ചം | | | | | |
| 6 | **ആകെ** | | | | | |

കുറിപ്പ് :– * വിവിധ സ്രോതസ്സുകളിൽ നിന്ന് ഓരോ വർഷവും ലഭിക്കാവുന്നതിൽ കൂടുതൽ തുക അതത് വർഷങ്ങളിൽ വകയിരുത്താൻ പാടില്ല. ഉത്തരവിന്റെ ഖണ്ഡിക–9 പ്രകാരം നിർബന്ധമായും ഈ പദ്ധതിക്ക് നീക്കി വെയ്ക്കേണ്ട വിഹിതം പൂർണമായും വകയിരുത്തണം

| ക്രമ നം | ഇനം | | തുക (രൂപയിൽ) |
|---|---|---|---|
| 1 | 2010–11–ൽ ലഭിക്കാവുന്ന പൊതുവിഭാഗം വികസന ഫണ്ട് | : | |
| 2 | മേഖല വിഭജനത്തിൽപ്പെടാത്ത പ്രോജക്ടുകളുടെ വിഹിതം | : | |
| 3 | മേഖല വിഭജനത്തിന് ലഭ്യമാകുന്ന തുക (1–2) | : | |
| 4 | പശ്ചാത്തല മേഖലയുടെ വിഹിതം തുക (ഇനം 3 ലെ തുകയുടെ 30% ത്രിതല പഞ്ചായത്തുകൾക്കും 50% നഗരസഭകൾക്കും) | : | |
| 5 | പശ്ചാത്തല മേഖലയിൽ പരിഹരിക്കാൻ അവശേഷിക്കുന്ന തുക | : | |
| 6 | പശ്ചാത്തലമേഖലയിൽ വകയിരുത്താവുന്ന തുക (4–5) @ | : | |

@ ഉത്പാദന മേഖലയിൽ ന്യൂനത പരിഹരിക്കാൻ അവശേഷിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ അത് പൂർണ്ണമായും 2010–11–ൽ തന്നെ പരിഹരിക്കേണ്ടതുള്ളതിനാൽ പരിഹാര തുക കൂടി കണക്കിലെടുത്തായിരിക്കണം പശ്ചാത്തല മേഖലയിൽ വകയിരുത്തുന്ന തുക എത്രയെന്ന് നിശ്ചയിക്കേണ്ടത്.

സ്ഥലം:
തീയതി: (ഓഫീസ് മുദ്ര)

ഒപ്പ് (സെക്രട്ടറി):......................................
പേര് : ......................................................

അനുബന്ധം: ഡി

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
## റോഡ് പുനരുദ്ധാരണ പദ്ധതി

2009–10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം അംഗീകാരം നേടിയ റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ വിവരങ്ങൾ
(ഗ്രാമ/ ജില്ലാപഞ്ചായത്തുകളും നഗരസഭകളും സമർപ്പിക്കേണ്ട ഫോറം)

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:........................................................ ജില്ല:.............................................................

| ക്രമ നം | പ്രോജക്ട് നമ്പർ | റോഡിന്റെ/ പ്രവൃത്തിയുടെ പേര് | റോഡിന്റെ ക്രമ നമ്പർ (അനുബന്ധം എ-യുടെ കോളം 1-ൽ നൽകിയിട്ടുള്ള ക്രമ നമ്പർ) | നീളം (കി.മി) | എസ്റ്റിമേറ്റ് തുക (രൂപയിൽ) | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതു പ്രകാരമുള്ള വകയിരുത്തൽ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | പൊതുവിഭാഗം വികസന ഫണ്ട് | | റോഡ് മെയിന്റനൻസ് ഫണ്ട് | | തനത് ഫണ്ട് | | മറ്റുള്ളവ | | ആകെ | |
| | | | | | | 2009–10 | 2010–11 | 2009–10 | 2010–11 | 2009–10 | 2010–11 | 2009–10 | 2010–11 | 2009–10 (7+9+11+13) | 2010–11 (8+10+12+14) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | ആകെ | x | x | | | | | | | | | | | |

കുറിപ്പ് : 1. ഈ ഫോറം സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ജനറേറ്റ് ചെയ്യാവുന്നതാണ്
2. ഇതിനകം അംഗീകാരം നേടിയതിൽ ഭേദഗതി കൂടാതെ തുടർന്ന് നടപ്പാക്കുന്ന പ്രവൃത്തികൾ മാത്രമേ ഈ ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഭേദഗതി ചെയ്ത പ്രോജക്ടുകളുടെ വിവരങ്ങൾ അനുബന്ധം ഇ-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ഥലം:
തീയതി:

(ഓഫീസ് മുദ്ര)

ഒപ്പ് (സെക്രട്ടറി):.......................................
പേര് : ......................................................

**അനുബന്ധം: ഇ**

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
## റോഡ് പുനരുദ്ധാരണ പദ്ധതി

പുതുതായി ഏറ്റെടുക്കുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ വിവരങ്ങൾ
(ഗ്രാമ/ജില്ലാപഞ്ചായത്തുകളും നഗരസഭകളും സമർപ്പിക്കേണ്ട ഫോറം)

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:............................................................ ജില്ല:....................................................

| ക്രമ നം | പ്രോജക്ട് നമ്പർ | റോഡിന്റെ/ പ്രവൃത്തിയുടെ പേര് | റോഡിന്റെ ക്രമ നമ്പർ (അനുബന്ധം എ-യുടെ കോളം 1-ൽ നൽകിയിട്ടുള്ള ക്രമ നമ്പർ) | നീളം (കി.മി) | എസ്റ്റിമേറ്റ് തുക (രൂപയിൽ) | വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വകയിരുത്തൽ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | പൊതുവിഭാഗം വികസന ഫണ്ട് | | റോഡ് മെയിന്റനൻസ് ഫണ്ട് | | തനത് ഫണ്ട് | | ആകെ | |
| | | | | | | 2009-10 | 2010-11 | 2009-10* | 2010-11 | 2009-10 | 2010-11 | 2009-10 (7+9+11) | 2010-11 (8+10+12) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | ആകെ | x | x | | | | | | | | | |

കുറിപ്പ് :- 1. ഈ ഫോറം സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ജനറേറ്റ് ചെയ്യാവുന്നതാണ്

2. * 2009-10-ൽ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് റോഡ് വിഭാഗത്തിലേക്ക് വകമാറ്റിയ വിഹിതം (പരമാവധി 20%) ഉൾപ്പെടെ

സ്ഥലം:
തീയതി:

(ഓഫീസ് മുദ്ര)

ഒപ്പ് (സെക്രട്ടറി):.......................................
പേര് : .......................................................

**അനുബന്ധം: എഫ്**

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
### റോഡ് പുനരുദ്ധാരണ പദ്ധതി
ബ്ലോക്ക് പഞ്ചായത്തുകൾ അറ്റകുറ്റപ്പണി നടത്തുന്ന റോഡുകൾ (ബ്ലോക്ക് പഞ്ചായത്തുകൾ സമർപ്പിക്കേണ്ട ഫോറം)

ബ്ലോക്ക് പഞ്ചായത്തിന്റെ പേര്:............................... ജില്ല : ................................

| ക്രമ നം | പ്രോജക്ട് നമ്പർ | അറ്റകുറ്റപ്പണി നടത്തുന്ന റോഡ് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ പേര് | റോഡിന് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള നമ്പർ * | റോഡിന്റെ/ പ്രവൃത്തിയുടെ പേര് | നീളം (കി.മി) | എസ്റ്റിമേറ്റ് തുക (രൂപയിൽ) | വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വകയിരുത്തൽ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | പൊതുവിഭാഗം വികസന ഫണ്ട് | | റോഡ് മെയിന്റനൻസ് ഫണ്ട് | | തനത് ഫണ്ട് | | ആകെ | |
| | | | | | | | 2009–10 | 2010–11 | 2009–10@ | 2010–11 | 2009–10 | 2010–11 | 2009–10 (8+10+12) | 2010–11 (9+11+13) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | ആകെ | x | x | | | | | | | | | | |

കുറിപ്പ് :
1. ഗ്രാമപഞ്ചായത്തുകൾ അനുബന്ധം എ–യിൽ തയ്യാറാക്കുന്ന റോഡുകളുടെ പട്ടികയിൽ ഉൾപ്പെട്ടതിൽ ഉത്തരവിന്റെ ഖണ്ഡിക 5.2 പ്രകാരം അനുവദനീയമായ പ്രവൃത്തികൾ മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടുള്ളൂ.
2. ഈ ഫോറം സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ജനറേറ്റ് ചെയ്യാവുന്നതാണ്.
3. * ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ അനുബന്ധം എ–യിലെ ക്രമ നമ്പർ
3. @ 2009–10–ൽ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് റോഡ് വിഭാഗത്തിലേക്ക് വകമാറ്റിയ വിഹിതം (പരമാവധി 20%) ഉൾപ്പെടെ

സ്ഥലം: ഒപ്പ് (സെക്രട്ടറി):.......................................................
തീയതി: (ഓഫീസ് മുദ്ര) പേര് : .......................................................

അനുബന്ധം: ജി

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
## റോഡ് പുനരുദ്ധാരണ പദ്ധതി

ലഭ്യമായ വിഹിതത്തിന് അനുസൃതമായി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്തതിനുശേഷം അവശേഷിക്കുന്ന റോഡുകളുടെയും അധികം ആവശ്യമായ തുകയുടെയും വിവരങ്ങൾ (ജില്ലാ ആസൂത്രണ സമിതികൾ ക്രോഡീകരിച്ച് സർക്കാരിന് ലഭ്യമാക്കേണ്ടതാണ്)

ജില്ല :..............................................

| ക്രമ നം | തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | അനുബന്ധം എ പ്രകാരമുള്ള ആകെ റോഡുകൾ | | 2009–10 വാർഷിക പദ്ധതിയുടെ ഭാഗമായി ഇതിനകം അംഗീകാരം നേടിയ പ്രവൃത്തികൾ | | ഗ്രാമ/ജില്ലാപഞ്ചായത്ത് തലത്തിലും നഗരസഭാതലത്തിലും ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പുതുതായി ഏറ്റെടുക്കുന്ന റോഡുകൾ | | ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകൾ | | ഫണ്ട് ലഭ്യമല്ലാത്ത റോഡുകൾ | |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | എസ്റ്റിമേറ്റ് തുക | എണ്ണം | എസ്റ്റിമേറ്റ് തുക | എണ്ണം | എസ്റ്റിമേറ്റ് തുക | എണ്ണം | എസ്റ്റിമേറ്റ് തുക | എണ്ണം [3–(5+7+9)] | എസ്റ്റിമേറ്റ് തുക [4–(6+8+10)] |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | ആകെ | | | | | | | | | | |

കുറിപ്പ്: ഈ ഫോറം സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ജനറേറ്റ് ചെയ്യാവുന്നതാണ്

ഒപ്പ് (ജില്ലാ പ്ലാനിംഗ് ഓഫീസർ &
ജോയിന്റ് സെക്രട്ടറി,
കോ–ഓർഡിനേഷൻ,
ജില്ലാ ആസൂത്രണസമിതി) : .......................
പേര് : .............................................................

സ്ഥലം:
തീയതി:

(ഓഫീസ് മുദ്ര)